**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 435** **05-07-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക വായ്പയെടുത്ത കർഷകരെ സഹായിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വായ്പയെടുക്കുന്ന കർഷകരിൽ ഭൂരിഭാഗവും കടക്കെണിയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ (SLBC) കണക്കുകൾ പ്രകാരം കേരളത്തിന്റെ കാർഷിക വായ്പകളിൽ 2.71% മാത്രമാണ് കിട്ടാക്കടം ആയി കണക്കാക്കപ്പെട്ടിരിക്കുന്നത്. ഈ കണക്കുകൾ പ്രകാരം കാർഷിക വായ്പ അനുവദിക്കപ്പെട്ട ഭൂരിഭാഗം കർഷകരും കടക്കെണിയിൽ അല്ല. |
| (ബി) | വന്യമൃഗങ്ങളുടെ ശല്യം മൂലമുള്ള കൃഷിനാശത്തെ തുടർന്നും മറ്റ് കാരണങ്ങളാലും വായ്പാ തിരിച്ചടവ് മുടങ്ങുന്ന കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | വന്യ മൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് മൂലം കർഷകർക്ക് ഉണ്ടാകുന്ന നഷ്ടത്തിന് കൃഷി വകുപ്പ് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി മുഖേന നഷ്ടപരിഹാരം നൽകുന്നുണ്ട്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നാശനഷ്ടം ഉണ്ടായാൽ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം അംഗങ്ങളായ കർഷകർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 ഇനം കാർഷിക വിളകൾക്ക് പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾക്കും നിരക്കുകൾക്കും വിധേയമായി നഷ്ടപരിഹാരം കൃഷി വകുപ്പ് മുഖേന നൽകിവരുന്നു. കൂടാതെ വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം വന്യജീവി ആക്രമണം തടയുന്നതിന് പ്രതിരോധ മാർഗ്ഗങ്ങൾക്കായി ജില്ലകളിലെ പ്രിൻസിപ്പൽ ഓഫീസർ സമർപ്പിക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നുണ്ട്. കൂടാതെ വന്യ മൃഗങ്ങൾ കൃഷിയിടങ്ങളിൽ കടക്കുന്നത് തടയുവാൻ കേന്ദ്ര സംസ്ഥാന പദ്ധതിയായ RKVY പദ്ധതിയിൽ 25 കോടി രൂപയുടെ പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുമായും വനം വകുപ്പുമായും ചേർന്ന് ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. വനാതിർത്തിയിൽ വരുന്ന അസംരക്ഷിത വനപ്രദേശത്തും മറ്റ് ഭൂരേഖകൾ ലഭ്യമല്ലാതെ കൃഷി ചെയ്യുന്ന ഹ്രസ്വകാല വിളകൾക്കും ദീർഘകാല വിളകൾക്കും ഇപ്പോൾ ഇൻഷുറൻസ് പരിരക്ഷ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ ശല്യവും പ്രകൃതിക്ഷോഭവും മൂലമുള്ള കൃഷി നാശത്തെ തുടർന്നും, മറ്റ് കാരണങ്ങളാലും സഹകരണ ബാങ്കുകൾ/ സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത കർഷകർക്ക് സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി രണ്ട് ലക്ഷം രൂപ വരെ കടാശ്വാസം അനുവദിക്കുന്നുമുണ്ട്. |
| (സി) | കാർഷിക കടത്തിന്റെ പലിശ എഴുതിത്തള്ളുവാനും കാർഷിക വിഭവങ്ങൾക്ക് താങ്ങുവില വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | കർഷക സഹകരണ സംഘങ്ങൾ/ സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നുമെടുക്കുന്ന വായ്പകൾക്ക് കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി രണ്ട് ലക്ഷം രൂപ വരെ കടാശ്വാസം അനുവദിച്ചു വരുന്നുണ്ട്. വയനാട്, ഇടുക്കി ജില്ലകളിൽ കർഷകർക്ക് 31.08.2020 വരെ എടുത്ത വായ്പകൾക്കും മറ്റു ജില്ലകളിലെ കർഷകർ 31.03.2016 വരെ എടുത്ത വായ്പകൾക്കുമാണ് കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം അനുവദിച്ചു വരുന്നത്. 2021 മുതൽ 1,61,916 അപേക്ഷകൾ സ്വീകരിക്കുകയും 74.57 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശ രഹിത വായ്പയായി മാറ്റുന്നതിന് സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര വിഹിതത്തിൽ ‘‘ഉത്തേജന പലിശ ഇളവ്‘‘ പാക്കേജും നടപ്പിലാക്കി വരുന്നു. സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന 'നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ-കുടിശ്ശിക നിവാരണം പദ്ധതിയിലൂടെ പലിശയിളവ്, പിഴപ്പലിശയിളവ് തുടങ്ങിയ ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിക്കുന്നുണ്ട്.<br><br>വിപണിയിൽ കാർഷിക ഉല്പന്നങ്ങളുടെ വില ഇടിയുന്ന സാഹചര്യത്തിൽ വിലസ്ഥിരത ഉറപ്പാക്കി കർഷകരെ സംരക്ഷിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കി വരുന്ന കേരള ഫാം ഫ്രഷ്, പഴം, പച്ചക്കറി അടിസ്ഥാനവില പദ്ധതി പ്രകാരം 16 ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വിലയിടിയുന്ന സന്ദർഭങ്ങളിൽ പച്ചത്തേങ്ങ, നെല്ല് എന്നിവ സംഭരണ വില നിശ്ചയിച്ച് കർഷകരിൽ നിന്നും സംഭരിച്ച് വരുന്നു. നിലവിൽ കിലോയ്ക്ക് 34 രൂപ എന്ന കണക്കിൽ പച്ചത്തേങ്ങയും, കിലോയ്ക്ക് 28.20 രൂപ എന്ന കണക്കിൽ നെല്ലും സംഭരിച്ച് വരുന്നു. തേങ്ങയുടെ ഉല്പാദനചെലവും ഉല്പാദനവും കണക്കാക്കിയാണ് സംഭരണവില/ തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2024 സീസണിലെ തേങ്ങയുടെ താങ്ങുവില 30.132 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 3.868 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.<br><br>റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. 2024 ഏപ്രിൽ ഒന്ന് മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് കിലോഗ്രാമിന് 170 എന്നത് 180 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ